(ബി) 2009-2010 അദ്ധ്യയന വർഷം വരെ പ്രവർത്തിച്ചു വന്ന പ്ലസ് ടു കോഴ്സുകൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ സ്കൂൾ മാനേജുമെന്റ് സ്കൂളുകളിൽ എന്തെങ്കിലും പ്രത്യേക നിബന്ധനകൾ മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2009-10-ന് ശേഷം എത്ര പ്ലസ് ടു കോഴ്സുകൾ സംസ്ഥാനത്ത് അനുവദിച്ചുവെന്നും പ്രസ്തുത കോഴ്സുകൾക്ക് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അംഗീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്നും വെളിപ്പെടുത്തുമോ;

(ഡി) താൽക്കാലിക അദ്ധ്യാപകർക്ക് പകരം സ്ഥിര അദ്ധ്യാപകരെ നിയമിക്കാൻ നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) 184 (സർക്കാർ+എയ്ഡഡ്) സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തസ്തികകൾ സൃഷ്ടിച്ചതിനുശേഷം മാത്രമേ സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ കഴിയുകയുള്ളൂ.

സർവ്വീസിലുള്ള എല്ലാ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ

73(762) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസിലുള്ള എല്ലാ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുന്നത് സംബന്ധിച്ച ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ 5 വർഷം തികയുന്ന മുറയ്ക്ക് സീനിയർ അദ്ധ്യാപകരായി നിയമിക്കുന്നതിനുള്ള നടപടി

74(763) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ 5 വർഷം സർവ്വീസ് തികയുന്ന മുറയ്ക്ക് സീനിയർ അദ്ധ്യാപകരായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly